# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1250:** **30.9.2011 ന് മറുപടിയ്ക്ക്**

### *തിരുവമ്പാടി ഐ.ടി.ഐ. യിലെ നിയമനം*

| *ചോദ്യം.* | *ഉത്തരം* |
|---|---|
| ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ. യിൽ ഏതൊക്കെ ട്രേഡുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അതിൽ എത്ര കുട്ടികൾ വീതം പഠനം നടത്തിവരുന്നെന്നും വിശദമാക്കാമോ; | (എ) ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ദ്വിവത്സര ട്രേഡുകളും, പ്ലംബർ എന്ന ഏകവർഷ ട്രേഡുമാണ് അനുവദിച്ചിട്ടുള്ളത്. ഇലക്ട്രീഷ്യൻ ട്രേഡിൽ 39 ഉം പ്ലംബർ ട്രേഡിൽ 41 ഉം ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 38 ഉം കുട്ടികൾ വീതമാണ് ഇപ്പോൾ ഇവിടെ പഠനം നടത്തിവരുന്നത്. |
| (ബി) ഈ ട്രേഡുകൾ പഠിപ്പിക്കുന്നതിനും പരിശീലനം നൽകുന്നതിനും എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) ഓരോ ട്രേഡിലും രണ്ട് തസ്തികകൾ വീതവും എ സി ഡി യിൽ ഒരു ഇൻസ്ട്രക്ടർ തസ്തികയും ഉൾപ്പെടെ ആകെ ഏഴ് ഇൻസ്ട്രക്ടർ തസ്തികകൾ ആണ് അനുവദിച്ചിട്ടുള്ളത്. ഈ ഏഴു തസ്തികകളിലും ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിലുള്ള ഇൻസ്ട്രക്ടർമാരാണ് ജോലി നോക്കുന്നത്. |
| (സി) സ്ഥാപന നടത്തിപ്പിന് മറ്റ് ഏതൊക്കെ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; | (സി) ഏഴ് ഇൻസ്ട്രക്ടർ തസ്തികകൾക്കു പുറമെ<br>പ്രിൻസിപ്പാൾ ക്ലാസ്- II - 1<br>ജൂനിയർ സൂപ്രണ്ട് - 1<br>എൽ.ഡി. ക്ലാർക്ക് - 2<br>എൽ.ഡി. സ്റ്റോർ കീപ്പർ - 1<br>വർക്ക്ഷോപ്പ് അറ്റന്റർ - 1<br>പ്യൂൺ - 1<br>എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് ഏതൊക്കെ തസ്തികകൾ ആവശ്യമുണ്ടെന്നും ആയത് എന്ന് അനുവദിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ഡി) സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഇപ്പോൾ ആവശ്യമായ എല്ലാ തസ്തികകളും അനുവദിച്ചിട്ടുണ്ട്. വാച്ച്മാൻ തസ്തിക അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ